പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1497 — 13.07.2011-ൽ മറുപടിയ്ക്ക്

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ പദ്ധതി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) കേരളത്തിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ പദ്ധതി ഇടുക്കി ജില്ലയിൽ നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ 17238 ബി. പി. എൽ കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിച്ചു. കാസർ ഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ വടക്കൻ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. |
| (ബി) വയനാട് ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) വയനാട് ജില്ലയുടെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.<br>കല്പറ്റ നിയോജക മണ്ഡലം - 45 പ്രവൃത്തികൾ.<br>മാനന്തവാടി നിയോജക മണ്ഡലം - 62 പ്രവൃത്തികൾ.<br>സുൽത്താൻ ബത്തേരി - 75 പ്രവൃത്തികൾ.<br>ആകെ 182 കരകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. |
| (സി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന | (സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്പെടുന്ന സുഗന്ധഗിരി ഭാഗത്ത് |

പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ആരംഭി ച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകും എന്നാണ് കണക്കാക്കുന്നത് ; വ്യക്തമാക്കുമോ?

(ഡി) മാർച്ച് 2012 ന് മുൻപ് ഈ പദ്ധതി പൂർത്തിയാക്കാനാവുമെന്നാണ് കണക്കാക്കുന്നത്.

സെക്ഷൻ ഓഫീസർ.